നം.കെ.എസ്.എ-ഐ.ഡി.കെ-10/220/19 തീയതി : 25.03.2019

# ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*********************************

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.8.2017 മുതൽ 10.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി. എം. വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.03.2019 മുതൽ 16.03.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എബി ഏബ്രഹാം | സീനി.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ടോജോ പോൾ | 01.04.2017 മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ. പി. ജി. പ്രദീപ് | 01.04.2017 മുതൽ 04.04.2017 വരെ |
| | | 15.04.2017 മുതൽ 11.06.2017 വരെ |
| | ശ്രീ. ദിപീഷ് പി. റ്റി.<br>അസി. സെക്രട്ടറി (പൂർണ്ണ അധിക ചുമതല) | 05.04.2017 മുതൽ 14.04.2017 വരെ |
| | ശ്രീ. സാജു ജോസഫ് | 12.06.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ. പി. റ്റി. ദിപീഷ് | 01.04.2017 മുതൽ 21.06.2017 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ശ്രീലത ആർ. എസ്. | 22.06.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി. ശ്രീകല എം. ചന്ദ്രൻ | 01.04.2017 മുതൽ 08.10.2017 വരെ |
| | ശ്രീമതി. അശ്വതി വാസുദേവൻ | 09.10.2017 മുതൽ 06.01.2018 വരെ |
| | ശ്രീ. സുദീപ് എ. | 07.01.2018 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.കെ.കെ.ദീപ | 01.04.2017 മുതൽ 13.07.2017 വരെ |
| | ശ്രീ. നിഷാന്ത് എം. പ്രഭ | 14.07.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പി.ഐ.റഷീദ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ജാനറ്റ് എം.സേവ്യർ | 01.04.2017 മുതൽ 27.05.2017 വരെ |

| | | |
|---|---|---|
| | ശ്രീ. സിബി നോബിൾ | 28.05.2017 മുതൽ 11.12.2017 വരെ |
| | ശ്രീമതി. അലീന ജോർജ്ജ് | 12.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. ഇ. കെ. ഖയാസ് | 01.04.2017 മുതൽ 07.04.2017 വരെ |
| | ഡോ. ലിനി ആൻ ജോസ് | 08.04.2017 മുതൽ 09.10.2017 വരെ |
| | ഡോ. അനുമോൾ കെ. എ. | 10.10.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ടെലസ് കുര്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. പി. ആർ. സലോമി | 01.04.2017 മുതൽ 06.06.2017 വരെ |
| | ശ്രീ. പ്രസാദ് പി. നായർ | 07.07.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (കരിമണ്ണൂർ) | ശ്രീമതി. സരിത ഇബ്രാഹിം | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ.(നെയ്യശ്ശേരി) | ശ്രീമതി. സിജി ശങ്കർ | 01.04.2017 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സി. എ. ജാസ്മിൻ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 (പൊതുഅവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| | | ഭാഗം – 2 (വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 13 | 2-1 | വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു |
| 14 | 2-2 | ടാക്സി സ്റ്റാന്റ് ഫീസ്/വാടക ഈടാക്കുന്നില്ല |
| | | ഭാഗം – 3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 15 | 3-1 | സ്മാർട്ട് ക്ളാസ്സ് റൂം, അപാകതകൾ |
| 16 | 3-2 | മൊബൈൽ ഗ്യാസ് ക്രിമിറ്റോറിയം, വലിയ തുക ചെലവാക്കിയ പദ്ധതി ജനങ്ങൾക്ക് ഉപകാരപ്രദമല്ല |
| 17 | 3-3 | സി.എച്ച്.സി. മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് |
| 18 | 3-4 | മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പര്യാപ്തമായ തുക വകയിരുത്തുന്നില്ല |
| 19 | 3-5 | ആശ്രയ പ്രവർത്തനങ്ങൾ മന്ദഗതിയിൽ |
| 20 | 3-6 | വെള്ളക്കരം ഒടുക്കാത്തത് സംബന്ധിച്ച് |
| 21 | 3-7 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മന്ദഗതിയിൽ |
| 22 | 3-8 | വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല |

| | | |
|---|---|---|
| 23 | 3-9 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 24 | 3-10 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല |
| | | ഭാഗം – 4 (പൊതു അവലോകനവും ഓഡിറ്റ് നിരീക്ഷണങ്ങളും) |
| 25 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 28 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 29 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 30 | 4-6 | ഓഡിറ്റ് റിക്കവറി |
| 31 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 32 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 33 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 35 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 16.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018<br>23.06.2018 | കെ.എസ്.എ.ഐ.ഡി.കെ.3/677/ 2018(27)<br>തീ. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,32,52,266 |
| വരവ് | ₹4,54,28,869 |
| ആകെ | ₹5,86,81,135 |
| ചെലവ് | ₹5,22,29,218 |
| നീക്കിയിരിപ്പ് | ₹64,51,917 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | 0 | 11684000 | 11684,000 | 11460976 | 223024 |
| വികസന ഫണ്ട് - എസ്.സി.പി. (ACR പ്രകാരം) | 0 | 2041,752 | 2041,752 | 1862202 | 179,550 |
| വികസന ഫണ്ട് - ടി എസ്.പി (ACR പ്രകാരം) | 0 | 185,924 | 185,924 | 143950 | 41974 |
| മെയിന്റനൻസ് - റോഡ് (ACR പ്രകാരം) | 0 | 3295,000 | 3295,000 | 2796829 | 498,171 |
| മെയിന്റനൻസ് - നോൺറോഡ് (ACR പ്രകാരം) | 0 | 2591,000 | 2591,000 | 2403299 | 187,701 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5487,057 | 5487,057 | 4538981 | 948,076 |

| | | | | | |
|---|---|---|---|---|---|
| കെ.എൽ.ജി.എസ്.ഡി.പി. ഗ്രാന്റ് | 0 | 1598915 | 1598915 | 1586,723 | 12192 |
| എൻ.ആർ.ഇ.ജി.എസ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11308 | 1210245 | 1221553 | 1214171 | 7382 |
| തൊഴിലാളികളുടെ കൂലി | | 8571301 | 8571301 | 8571301 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 1246964 | 236582 | 1483543 | 287180 | 1196366 |
| ടോട്ടൽ സാനിട്ടേഷൻ | 0 | 1825000 | 1825000 | 1555000 | 270000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| എം.എൽ.എ. ഫണ്ട് | 599980 | 0 | 599980 | 0 | 599980 |
| സാക്ഷരത | 751 | 0 | 751 | 0 | 751 |
| ശുചിത്വ മിഷൻ | 1200,000 | 0 | 1200,000 | 0 | 1200,000 |
| ബ്ലോക്ക് വിഹിതം ലൈബ്രറി കെട്ടിടം | 181061 | 0 | 181061 | 0 | 181061 |
| ബ്ലോക്ക് വിഹിതം അംഗൻവാടി നിർമ്മാണം | 283090 | 880,000 | 1163090 | 283090 | 880,000 |
| ബ്ലോക്ക് വിഹിതം – കളിസ്ഥലം വാങ്ങൽ | 721250 | 0 | 721250 | 496250 | 225000 |
| ബ്ളോക്ക് വിഹിതം – കിണർ മെയിന്റനൻസ് | 0 | 160,000 | 160,000 | 0 | 160,000 |
| ബ്ലോക്ക് വിഹിതം പാലിയേറ്റീവ് | 0 | 616,000 | 616,000 | 516250 | 99750 |
| ബ്ലോക്ക് വിഹിതം ക്ഷീര കർഷകർക്ക് സബ്സിഡി | 0 | 100000 | 100000 | 100,000 | 0 |
| ജില്ലാപഞ്ചായത്ത് വിഹിതം ക്ഷീര കർഷകർക്ക് സബ്സിഡി | 0 | 800,000 | 800,000 | 800,000 | 0 |
| ജനറൽ പർപ്പസ് ഗ്രാൻറ് | 0 | 7020,000 | 7020,000 | 7020,000 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്തൃ വിഹിതം | 130809 | 190742 | 321551 | 114998 | 206553 |
| ഡെപ്പോസിറ്റ് | 268646 | 88305 | 356951 | 65320 | 291631 |
| എസ്.ബി.റ്റി. പ്ലാൻ | 311214 | 11571 | 322785 | 2250 | 320,535 |
| എസ്.ബി.റ്റി. ലൈഫ് | 782,878 | 94141 | 877019 | 2547 | 874,472 |
| ട്രഷറി ടി.എസ്.ബി. | 7700353 | 2027631 | 9727984 | 10827944 | -1099960 |
| തനത് ഫണ്ട് | -20 | 13262339 | 13076301 | 12166734 | 909567 |
| ക്യാഷ് | 0 | - | - | - | 128829 |

കുറിപ്പുകൾ – അംഗൻവാടി നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം ലഭിച്ച ₹8,80,000/-യും ബാലൻസ് നിൽക്കുന്നുണ്ട്. എന്നാൽ ബി-4 ഷെഡ്യൂളിൽ ആയത് ₹7,63,090/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പാലിയേറ്റീവ് കെയർ എന്ന ഇനത്തിൽ ബ്ലോക്കിൽ നിന്നും ലഭിച്ച ₹6,16,000/-യിൽ ₹5,16,250/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്ന ₹99,750/- ബി-4 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 40742552 | 111 | 27894490 | 27 | 0 | 68.46 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11308 | 1210245 | 1221553 | 1214171 | 7382 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8571301 | 8571301 | 8571301 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 43780 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 4425000 | 360 |
| വിധവാപെൻഷൻ | 4932400 | 439 |
| വാർദ്ധക്യകാലപെൻഷൻ | 14197400 | 1248 |
| വികലാംഗപെൻഷൻ | 1920800 | 183 |
| അവിവാഹിത പെൻഷൻ | 285800 | 31 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹14,278/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടു കൂടിയതാണെന്നു കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

<u>രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം</u>

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

14 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും ഒരു തവണ മാത്രമേ സമ്മേളിച്ചിട്ടുള്ളൂ. കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2019, 14.02.2019 | 1/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.09.2006 മുതൽ 30.09.2006 വരെ | 1997-98 മുതൽ 2005-06 വരെ | 22.11.2006 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബി-18 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

2) ആസ്തി രജിസ്റ്റർ ആനുകാലികമാക്കിയിട്ടില്ല.

3) ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ/സംയുക്ത പ്രൊജക്ടിനുള്ള തുകകൾ തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുള്ള സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

4) IDCB സാക്ഷരത അക്കൌണ്ടിന്റെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമല്ല.

5) IDCB തനത് ഫണ്ട് അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

6) ഹെഡ് 320700104 പ്രകാരം ബി-4 ഷെഡ്യൂളിൽ 763090 എന്ന് കാണിച്ചിരിക്കുന്നു. എന്നാൽ അംഗൻവാടി നിർമ്മാണത്തിനായി ബ്ലോക്ക് വിഹിതം ലഭിച്ച പ്രസ്തുത ഹെഡിലെ യഥാർത്ഥ ബാലൻസ് ₹8,80,000/-യാണ്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7) പാലിയേറ്റീവ് കെയർ ഇനത്തിൽ ബ്ലോക്കിൽ നിന്നും ലഭിച്ച ₹6,16,000/-യിൽ ₹5,16,250/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്ന ₹99,750/- ബി-4 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ₹2,010/- മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ₹2,410/-യാണ് ഈടാക്കിയിട്ടുള്ളത് അപാകത പരിഹരിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

2017-18ൽ വസ്തു നികുതി ഇനത്തിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

| | |
|---|---|
| ഗാർഹികാവശ്യത്തിനുള്ളത് (തൻവർഷം) | ₹393,749 |
| ഗാർഹികാവശ്യത്തിനുള്ളത് (കുടിശ്ശിക) | ₹272,350 |
| ഗാർഹികേതര ആവശ്യത്തിനുള്ളത് (തൻ വർഷം) | ₹343,732 |
| ഗാർഹികേതര ആവശ്യത്തിനുള്ളത് (കുടിശ്ശിക) | ₹396,302 |

ഈടാക്കാനവശേഷിക്കുന്ന വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 2-2 ടാക്സി സ്റ്റാന്റ് ഫീസ്/വാടക ഈടാക്കുന്നില്ല

കരിമണ്ണൂർ ടൗണിൽ ടെലിഫോൺ എക്സ്ചേഞ്ചിന് സമീപം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ടാക്സി സ്റ്റാന്റ് ചരക്ക് വാഹനങ്ങൾ, ടാക്സി കാറുകൾ മുതലായവ പാർക്കിങ്ങിനായി ഉപയോഗിച്ചുവരുന്നുണ്ടെങ്കിലും പാർക്കിംഗ് ഫീസ് ഈടാക്കി കാണുന്നില്ല. വാഹനങ്ങൾക്ക് പാർക്കിങ് ഫീസ് നിശ്ചയിക്കുന്നതിനും ഫീസ് പിരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ഭരണസമിതി നടപടി കൈക്കൊള്ളേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്മാർട്ട് ക്ലാസ്സ് റൂം - അപാകതകൾ, തടസ്സം ₹1,10,000/-

| | |
|---|---|
| പ്രോജക്ട് | S0045/18, ഗവ യു.പി സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റൂം |

| | |
|---|---|
| അടങ്കൽ | ₹1,10,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| ബിൽ നം./തീയതി/തുക | 2/17-18/തീ. 13.03.18 ₹1,10,000/- |

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 45/18, ഗവ. യു.പി. സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയിൽ ₹1,10,000/- ചെലവ് വന്നിട്ടുണ്ട്. ടി പദ്ധതി ഓഡിറ്റ് ചെയ്തപ്പോൾ കണ്ടെത്തിയ അപാകതകൾ.

1)കമ്മിറ്റി അംഗീകരിച്ച ആർ.ജെ. എന്റർപ്രൈസസിന്റെ, ടെണ്ടറിൽ ₹6,000/-യുടെ ഇൻവെർട്ടർ, 10 ഡസ്ക് (വുഡ്/മെറ്റൽ), 25 പ്ളാസ്റ്റിക് കസേരകൾ, 3 സീലിംഗ് ഫാൻ, എന്നിവയുടെ സ്ഥാനത്ത് ₹3,500/-യുടെ യു.പി.എസ്., 8 ഡസ്ക്, 20 കസേരകൾ, 1 വോൾ ഫാൻ എന്നിവയാണ് ലഭ്യമാക്കിയത്. കൂടാതെ വയറിംഗ് & പെയിന്റിംഗിന് ടെണ്ടറിൽ ₹3,500/- ആയിരുന്നു ക്വാട്ട് ചെയ്തത്. എന്നാൽ ഫൈനൽ ബില്ലിൽ വയറിംഗ് & പെയിന്റിംഗിന് ₹6,000/- യാണ് നൽകിയത്.

| ക്രമ നം. | ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്തവ | ലഭ്യമായവ |
|---|---|---|
| 1 | ഇൻവെർട്ടർ ₹6,000/- | യു.പി.എസ്. ₹3,500/- |
| 2 | 10 ഡെസ്ക് (വുഡ് & മെറ്റൽ) | 8 ഡെസ്ക് (വുഡ് & മെറ്റൽ) |
| 3 | 25 കസേരകൾ | 20 കസേരകൾ |
| 4 | 3 സീലിംഗ് ഫാൻ | 1 വോൾ ഫാൻ |
| 5 | വയറിംഗ് & പെയിന്റിംഗ് ₹3,500/- | വയറിംഗ് & പെയിന്റിംഗ് ₹6,000/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (8) മറുപടിയിൽ ടെണ്ടർ ക്ഷണിച്ചപ്പോൾ പ്രോജക്ടർ സെറ്റ് ചെയ്യാനുള്ള കിറ്റും സൗണ്ട് ബോക്സും ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നില്ലാത്തതു കൊണ്ടാണ് വ്യത്യാസം വന്നത് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ 23.11.17ലെ ടെണ്ടറിൽ ഹോംതീയേറ്റർ എന്ന ഐറ്റം ഉണ്ടായിരുന്നു. പക്ഷേ ഹോംതീയേറ്ററും വാങ്ങിയിട്ടില്ല. വേണ്ടത്ര പഠനം നടത്താതെ പദ്ധതി വിഭാവനം ചെയ്തത് കൊണ്ടാണ് ടെണ്ടർ പരിഷ്കരിക്കേണ്ട സ്ഥിതി സംജാതമായത്. സപ്ലയർക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകും റീ ടെണ്ടർ ചെയ്ത് പദ്ധതി നടപ്പാക്കുവാൻ സമയപരിധി കുറവാണ് എന്നിങ്ങനെയുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതി വിഭാവനം ചെയ്യുമ്പോൾ വേണ്ടത്ര പഠനം നടത്തി ആവശ്യമായ തുക വകയിരുത്തേണ്ടതാണ്. ഇവിടെ ടെണ്ടറിൽ പറഞ്ഞ വസ്തുക്കൾ വാങ്ങാതെയും എണ്ണം കുറച്ച് വസ്തുക്കൾ വാങ്ങുകയും ചെയ്തിരിക്കുന്നു. ചെലവ് തുക ₹1,10,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 മൊബൈൽ ഗ്യാസ് ക്രിമിറ്റോറിയം - പദ്ധതി ജനങ്ങൾക്ക് ഉപകാരപ്രദമല്ല

| | |
|---|---|
| പ്രോജക്ട് | S0011/18, മൊബൈൽ ഗ്യാസ് ക്രിമിറ്റോറിയം |
| അടങ്കൽ ₹8,00,000/- | ₹5,00,000/-(ബ്ലോക്ക്)<br>₹2,75,000/- (എസ്.സി.പി ) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| ബിൽ നം./തീയതി/തുക | 9/17-18/തീ. 31.03.18 ₹2,75,000/- |

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം 11/18, മൊബൈൽ ഗ്യാസ് ക്രിമിറ്റോറിയം, പദ്ധതിയിൽ ₹2,75,000/- ചെലവ് വന്നിട്ടുണ്ട്. ഡ്രീംസ് സ്റ്റീൽ ഫേബ്രിക്കേഷൻ, കഞ്ഞിക്കുഴി എന്ന കമ്പനിയുടെ ടെണ്ടർ 09.03.2018ലെ അടിയന്തിര യോഗത്തിലെ 1(2) തീരുമാനപ്രകാരം അംഗീകരിച്ചു. 16.03.2018ൽ 2/2017-18 നം. സപ്ലൈ ഓർഡർ നല്കുകയും ചെയ്തു. 27.03.2018ൽ ഗ്യാസ് ക്രിമിറ്റോറിയം പരിശോധിച്ച് ക്വാളിറ്റി സർട്ടിഫിക്കറ്റ് നൽകുവാൻ നെടുങ്കണ്ടം ഗവ. പോളിടെക്നിക് കോളേജിലേയ്ക്ക് കത്ത് നൽകുകയും അതിൻപ്രകാരം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എന്നാൽ ക്രിമിറ്റോറിയത്തിന്റെ നീളം സംബന്ധിച്ച് സ്പെസിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന അളവല്ല സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12) ക്വാളിറ്റി സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥന് അളവ് പിശകിയതാകാം എന്ന അലക്ഷ്യമായ മറുപടിയാണ് ലഭ്യമാക്കിയത്. 11.07.2018ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം 12(1) പ്രകാരം ഇതിന്റെ പ്രവർത്തന ചുമതല 1-ാം വാർഡിലെ കാരുണ്യ പുരുഷ സഹായ സംഘത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ നാളിതുവരെ ഇത് ആർക്കും പ്രയോജനപ്പെട്ടിട്ടില്ല എന്ന് സംഘത്തിനോട് അന്വേഷിച്ചതിൽ നിന്നും മനസ്സിലായി. നീളം സംബന്ധിച്ച അവ്യക്തതയും നാളിതുവരെ പദ്ധതി ആർക്കും പ്രയോജനം ലഭിക്കുകയും ചെയ്യാത്തതിന്റെ നിജസ്ഥിതി അറിയുവാൻ സ്ഥലപരിശോധന നടത്തിയപ്പോൾ, ക്രിമിറ്റോറിയത്തിന് സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ട നീളം ഉണ്ട്, ക്വാളിറ്റി സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥൻ ഗ്യാസ് ക്രിമിറ്റോറിയം പരിശോധിക്കാതെ സർട്ടിഫിക്കറ്റ് നൽകിയതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കാരുണ്യ പുരുഷ സഹായ സംഘത്തിന്റെ പ്രസിഡന്റ് ക്രിമിറ്റോറിയം സംബന്ധിച്ച് കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. മേൽ കാര്യങ്ങളിൽ നിന്ന് ഓഡിറ്റിന് വ്യക്തമായ വസ്തുതകൾ താഴെപ്പറയുന്നു.

1. മൃതദേഹം ദഹിപ്പിച്ചതിനുശേഷം അസ്ഥികൾ ശേഖരിക്കുവാൻ അനുയോജ്യമായ രീതിയിലല്ല ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ രൂപകൽപ്പന. അതിനാൽ ഇത് ഉപയോഗിക്കുവാൻ ജനങ്ങൾക്ക് താൽപ്പര്യമില്ല.

2. ഗ്യാസ് ക്രിമിറ്റോറിയത്തിൽ മൃതദേഹം കിടത്തുന്നത് ഇരുമ്പ് കൊണ്ട് ഉണ്ടാക്കിയ ഒരു പ്രതലത്തിലാണ്, എന്നാൽ ക്രമറ്റോറിയത്തിലെ 12 ബർണറുകളിൽ നിന്നുള്ള ചൂട് താങ്ങുവാനുള്ള ശേഷി ആ ഇരുമ്പ് പ്രതലത്തിനില്ല. അത് വളരെ വേഗം ഉരുകിപ്പോകും. ഒരു പ്രാവശ്യത്തെ ഉപയോഗത്തിനു ശേഷം മൃതദേഹം കിടത്തുവാൻ വേറെ പ്രതലം ആവശ്യമാണ്. അതിന് വേറെ തുക കണ്ടെത്തണം.

3. പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് ₹4,500/-യും ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് ₹6,000/-യും വാഹനവാടക ഉപയോക്താക്കളിൽ നിന്നും ഈടാക്കേണ്ടതുമാണ് എന്നാണ് പഞ്ചായത്തിന്റെ ബൈലോ. ക്രിമിറ്റോറിയത്തിന്റെ വാടകയും വാഹന വാടകയും കൊടുക്കുന്നതു കൂടാതെ, മൃതദേഹം കിടത്തുന്നതിന് ഇരുമ്പ് പ്രതലത്തിന് വേറെ തുക മുടക്കുവാൻ ജനങ്ങൾ താൽപ്പര്യപ്പെടുന്നില്ല.

4. സംഘത്തിന് ക്രിമിറ്റോറിയത്തിന്റെ നടത്തിപ്പിന് പഞ്ചായത്തിലേയ്ക്ക് ഫീസ് ഒന്നും നൽകേണ്ടതില്ല. എന്നാൽ നടത്തിപ്പിന് ആവശ്യമായ തുക ക്രിമിറ്റോറിയം വാടകയ്ക്ക് നൽകുന്നതിലൂടെ കണ്ടെത്തണമെന്ന് ബൈലോയിൽ വ്യക്തമാക്കിയിട്ടുണ്ട്.

5. ക്രിമിറ്റോറിയത്തിന്റെ രൂപകൽപ്പനയിലുള്ള പോരായ്മകൾ സംഘം പഞ്ചായത്തിൽ അറിയിച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ ₹2,75,000/- ചെലവാക്കിയിട്ടും ഒരിക്കൽ പോലും അധികൃതർ ക്രിമിറ്റോറിയത്തിന്റെ പ്രവർത്തനെത്തെക്കുറിച്ച്

അന്വേഷിക്കാത്തത് ഉദ്യോഗസ്ഥരുടെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. സംഘത്തിന്റെയും പഞ്ചായത്തിന്റെയും കൂട്ടായ പ്രവർത്തനം പദ്ധതിയുടെ വിജയത്തിന് ആവശ്യമാണ്.

6. ആത്യന്തികമായി ക്രിമിറ്റോറിയത്തിന്റെ രൂപകൽപ്പനയിലുള്ള പോരായ്മകൾ കാരണമാണ് ജനങ്ങൾ ഇത് ഉപയോഗിക്കുവാൻ മടിക്കുന്നത്. പോരായ്മകൾ പരിഹരിച്ച് എത്രയും പെട്ടെന്ന് ഇത് ഉപയോഗപ്രദമാക്കേണ്ടതാണ്. നാളുകൾ കഴിയുന്തോറും ഉപയോഗിക്കാതെ കിടന്ന് ക്രിമിറ്റോറിയം നശിച്ചു പോകുവാൻ സാദ്ധ്യതയുണ്ട് ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയെ ക്ഷണിക്കുന്നു.

## 3-3 സി.എച്ച്.സി. മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്

എ)

| | |
|---|---|
| പ്രോജക്ട് | S0041/18, പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | ₹6,16,000/- (ബ്ലോക്ക് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| ചെക്ക് നം/തീയതി/തുക | 1504275/തീ. 20.01.18, ₹5,16,250/- |

മേൽ ചെക്ക് പ്രകാരം മരുന്നുകൾ ലഭിക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് 20.01.2018ൽ ട്രഷറി സേവിംഗ്സ് ₹5,16,250/- നൽകിയിട്ടുണ്ട്. എന്നാൽ ₹56,200/-യുടെ മരുന്ന് ഇനിയും ലഭ്യമാകുവാനുണ്ട്.

| പ്രൊഫോർമ ഇൻവോയ്സ് | തീയതി | നൽകിയ തുക ₹ | ലഭ്യമായ മരുന്ന് | അവശേഷിക്കുന്നത് |
|---|---|---|---|---|
| 2482 | 28.11.2017 | 361509 | 359423 | 2086 |
| 373 | 29.11.2017 | 106120 | 100627 | 5493 |
| 2481 | 29.11.2017 | 48621 | 0 | 48621 |
| | ആകെ | 516250 | 460050 | 56200 |

ബി)

| | |
|---|---|
| പ്രോജക്ട് | S0043/18, പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | ₹200000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| ബിൽ നം./തീയതി/തുക | 2/17-18/തീ. 28.09.2017 ₹70,000/- |

| | |
|---|---|
| | 4/17-18/തീ. 27.02.2018<br>₹1,30,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന്റെ 3624001800000019 നം. അക്കൗണ്ടിലേയ്ക്ക് ₹70,000/- ട്രാൻസ്ഫർ ചെയ്തിട്ടുണ്ടായിരുന്നെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ₹1,26,200/-(56200+70000)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പര്യാപ്തമായ തുക വകയിരുത്തുന്നില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ തൻവർഷം ₹3,66,000/- ചെലവഴിച്ചിട്ടുണ്ട്. ആകെയുള്ള 38 ഗുണഭോക്താക്കളിൽ ഭൂരിഭാഗവും മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ് (ഓട്ടിസം,സെറിബ്രൽ പാൾസി, ബഹുമുഖ വൈകല്യങ്ങൾ) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം.80/2017 ത.സ്വ.ഭ.വ/തീ.3.4.2017 ഖ10.3(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ₹28,500/- സ്കോളർഷിപ്പ് നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ₹11,000/-യാണ് നൽകുന്നത്. സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന ഈ വിഭാഗക്കാർക്ക് സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണമുള്ള തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ടിന് ബ്ലോക്ക്/ജില്ലാപഞ്ചായത്ത് വിഹിതങ്ങളും നേടിയെടുക്കാൻ വേണ്ട നടപടികൾ ക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 3-5 ആശ്രയ പ്രവർത്തനങ്ങൾ മന്ദഗതിയിൽ

കരിമണ്ണൂർ ഐ.ഡി.സി.ബി. ശാഖയിലുള്ള ആശ്രയ അക്കൌണ്ടിൽ (A/C No.120331200005) 31.03.2018ൽ ₹8,46,095/- നീക്കിയിരിപ്പുണ്ട്. ആശ്രയ 1-ാം ഘട്ടത്തിൽ (2006-08) 62 കുടുംബങ്ങൾ (118 ഗുണഭോക്താക്കൾ) ഉണ്ടായിരുന്നു. ആശ്രയ 2-ാം ഘട്ടത്തിൽ 59 കുടുംബങ്ങൾ (128 ഗുണഭോക്താക്കൾ) ഉണ്ടായിരുന്നു. പുതിയതായി സർവേ നടത്തി കണ്ടെത്തിയ 133 കുടുംബങ്ങളെയാണ് ഗ്രാമപഞ്ചായത്ത് മൂന്നാം ഘട്ടത്തിലേയക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. ആശ്രയ 3-ാം ഘട്ടത്തിന്റെ DPR(Detailed PROJECT Report)തയ്യാറാക്കി ജില്ലാ മിഷനിൽ നിന്നും സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ ആശ്രയ ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും ഗുണഭോക്താക്കൾക്ക് ഭക്ഷണം, വിദ്യാഭ്യാസം എന്നിവയ്ക്ക് മാത്രമാണ് സഹായം നൽകിവരുന്നത്. ഡി.പി.ആർ.-ന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ചലഞ്ച് ഫണ്ട് ലഭിയ്ക്കാത്തതിനാൽ ആശ്രയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ചലഞ്ച് ഫണ്ട് ലഭ്യമായാലുടൻ തന്നെ ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കാൻ ഭരണസമിതിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 വെള്ളക്കരം ഒടുക്കാത്തത് സംബന്ധിച്ച്

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ 2014-15 മുതൽ പ്രതിമാസം വെള്ളക്കരം ₹18,813/-യായിരിക്കെ 2015 ഡിസംബർ മാസം മുതൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള ടാപ്പുകളുടെ വാട്ടർ ചാർജ്ജും കൂടി ഉൾപ്പെടുത്തി പ്രതിമാസം ₹55,125/- ഡിമാന്റ് ചെയ്തുകൊണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ബിൽ ലഭിക്കുന്നു. ആയതിനാൽ 2016-17, 2017-18 വർഷങ്ങളിൽ വെള്ളക്കരം

ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഒടുക്കിയിട്ടില്ല. ജപ്പാൻ കുടിവെള്ള പദ്ധതിക്കായി ടാപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് എഗ്രിമെന്റ് വെയ്ക്കുകയോ മറ്റ് ചർച്ചകൾ ഒന്നും നടത്തുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി അടിയന്തിരമായി ബന്ധപ്പെടേണ്ടതും വാട്ടർചാർജ്ജ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മുൻവർഷ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും മേൽ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

## 3-7 മരാമത്ത് പ്രവൃത്തികളുടെ നിർവഹണം മന്ദഗതിയിൽ.

ഓഡിറ്റ് വർഷം പഞ്ചായത്ത് ആവിഷ്കരിച്ച 72 മരാമത്ത് പദ്ധതികളിൽ 53 പദ്ധതികൾ (74%) മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വകയിരുത്തിയ ₹1,70,06,373/-ൽ ₹1,06,63,721/- ചെലവ് വന്നിട്ടുണ്ട്. പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യം നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആവിഷ്കരിക്കുന്ന പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വർക്കിങ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ഈ വർക്കിങ് ഗ്രൂപ്പുകൾ ചേർന്നിട്ടുള്ളത്. ടി യോഗത്തിൽ തന്നെ മൃഗസംരക്ഷണ-ക്ഷീരവികസന വർക്കിംഗ് ഗ്രൂപ്പൊഴികെ മറ്റെല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ഹാജർ രേഖപ്പെടുത്തിയതല്ലാതെ എന്തെങ്കിലും വിഷയം ചർച്ച ചെയ്യതായോ ഏതെങ്കിലും തീരുമാനം എടുത്തിട്ടുള്ളതായോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന വിവരവും നിരീക്ഷിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം ജനകീയാസൂത്രണത്തിന്റെ വിജയകരമായ നിർവഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ

അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-10 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യ സംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ, കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 616000 | പാലിയേറ്റീവ് പ്രോജക്ട് | 516250 | 99750 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 100000 | ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 100000 | 0 |
| ജില്ലാപഞ്ചായത്ത് | | 800000 | | 800000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | അംഗൻവാടി നിർമ്മാണം | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 480000 | അംഗൻവാടി മെയിന്റനൻസ് | 0 | 480000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 160000 | ആനിക്കുഴ തറപ്പേൽ കോളനി കിണർ മെയിന്റനൻസ് | 0 | 160000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | സ.ഉ(സാ)നം.229/2040/ത.സ്വ.ഭ.വ തി.21.01.2010 | 10482000 | 1910120 | 944200 | 131486 | 965920 |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | സ.ഉ.(സാ)നം. 2053/ത.സ്വ.ഭ.വ തി.03.08.2013 | 3440000 | 208562 | 491432 | 244826 | 1597130 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹3,52,747 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക ( പലിശ) | ₹25,720 |
| ആകെ | ₹3,78,467 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹3,78,467 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക ₹ | |
|---|---|---|
| കേരളാ ഗ്രാമീൺ ബാങ്ക് | എഫ്.ഡി.രസീത് നമ്പർ 427635/31.03.2017 | 378467 |
| | ആകെ | 378467 |

## **4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹2,010/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 1994-95 | 21 | 140 | സെക്രട്ടറി | 941501000044/23.08.2017 |
| 1995-96 | 5-2 | 400 | സെക്രട്ടറി | 941501000045/23.08.2017 |
| 1998-99 | 27(1) | 500 | സെക്രട്ടറി | 941501000047/23.08.2017 |
| 1998-99 | 27(2) | 500 | സെക്രട്ടറി | 941501000057/23.08.2017 |
| 1998-99 | 29 | 278 | സെക്രട്ടറി | 941501000058/23.08.2017 |
| 1999-00 | 21(b) | 192 | സെക്രട്ടറി | 941501000059/23.08.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 3-27 | 1998 | 9-(II) | പൊതുമരാമത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് സാധനങ്ങൾ വാങ്ങിയതിന്റെ അധിക വില (പണിക്കൻകോട റോഡ്) | ലഭ്യമാക്കിയില്ല |
| 2000-01 | 30 | 2002-0 | | വോട്ടർ പട്ടിക രണ്ടാമതും അച്ചടിപ്പിച്ചത്- ചെലവ് നിരാകരിച്ചത് | |
| 2003-04 | 3-6 | 2006-07 | 3.36.1 | തെരുവ് വിളക്ക് സ്ഥാപിക്കൽ, ലക്ഷ്യം നേടാത്തത് | |
| 2003-04 | 3-11(2) | 2006-07 | 3.35.2(32) | ഓഡിറ്റ് സമയത്ത് വൌച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല. | |
| അവലോകന റിപ്പോർട്ട് | | 2014-15 | അനുബന്ധം-4 | കർഷക തൊഴിലാളി പെൻഷൻ | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

**- ഇല്ല -**

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2000-01 | 35 | ശ്രീ. ഇ. യു. ജോസഫ്, സെക്രട്ടറി | LF.16208/Sc2/04 തീ. 30.4.2005 | 16340 | - | - | - | - | - | - | 16340 |
| 2 | 2000-01 | 36 | ശ്രീ. ഇ. യു. ജോസഫ്, സെക്രട്ടറി | LF.16208/Sc2/04 തീ. 30.4.2005 | 16340 | - | - | - | - | - | - | 16340 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,54,28,869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,22,29,218 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2,36,200 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 110000 | പ്രസാദ് പി. നായർ, ഹെഡ് മാസ്റ്റർ |
| 3-3 | 126200 | ഡോ. അനുമോൾ കെ. എ., മെഡിക്കൽ ഓഫീസർ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക – 3-1, 3-2.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രസാദ് പി. നായർ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ കരിമണ്ണൂർ | താഴത്തേൽ ഉരുളികുന്ന് പി. ഒ. കോട്ടയം ജില്ല |
| ഡോ. അനുമോൾ കെ. എ., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., കോടിക്കുളം | കുറുപ്പത്തുശ്ശേരിൽ കോരുത്തോട് പി.ഒ. കോട്ടയം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | ഖണ്ഡിക നം. |
|---|---|---|---|
| 1996-97 | കെ.എസ്.എ-ഐ.ഡി.കെ-10/939/18/12.07.2018 | 2 | 27, 28 |
| 1998-99 | എൽ.എഫ്.ഐ.-7/164/2000/24.07.2000 | 1 | 31 |
| 2000-01 | എൽ.എഫ്.ഐ.-7/303/2002/19.07.2002 | 2 | 35,36 |
| 2003-04 | എൽ.എഫ്.ഐ.-8/109/06/30.06.06/13.10.06 | 1 | 11(2) |
| 2006-07 | എൽ.എഫ്.ഐ.-10/214/2011/23.04.2011 | 8 | 2-1, 2-2, 3-1 മുതൽ 3-6 വരെ |
| 2007-08 | എൽ.എഫ്.ഐ.-10/516/10/24.07.2011 | 14 | 2-1,2-2,2-3,3-2 മുതൽ 3-10 വരെ |
| 2008-09 | എൽ.എഫ്.ഐ.-10/304/2012/02.06.2012 | 15 | 2-1 മുതൽ 2-6 വരെ 3-1,3-2,3-3,3-5, 3-6,3-7,3-8വരെ |

| | | | |
|---|---|---|---|
| | | | |
| 2009-10 | എൽ.എഫ്.ഐ.-10/1285/ 2012/22.10.2012 | 7 | 2-1, 2-2, 2-3, 3-1, 3-2, 3-4, 3-5 |
| 2010-11 & 2011-12 | എൽ.എഫ്.ഐ- 10/1103/12 തീ. 12.03.2015 | 12 | 2-1,2-2,2-3,2-4,2-5, 2-7,3-1മുതൽ 3-6വരെ |
| 2012-13 & 2013-14 | എൽ.എഫ്.ഐ.10/98/ 2015/23.01.2015 | 6 | 2-1,2-2,3-1, 3-2,3-3,3-4 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ- 10/1025/16 തീ 29.07.16 | 11 | 2-1,2-2,2-3,2-4,3-1 മുതൽ 3-7 വരെ |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ- 10/407/17/18.04.2017 | 10 | 2-1, 2-2, 3-1 മുതൽ 3-8 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ- 10/560/17/01.12.2017 | 11 | 1-12, 2-1, 2-2, 2-4 3-1മുതൽ 3-7 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-10/220/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
ഫോൺ നം. 04862 227332

തീയതി : 25.03.2019
*ഇ-മെയിൽ : doidk.ksad@kerala.gov.in*

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി